ഹിൽ-ഏരിയ വികസന ഏജൻസി നപ്പാക്കിയ കടിവെ[illegible] പദ്ധതികൾ

41 (3007) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾ[illegible] ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഹിൽ ഏരിയ വികസന ഏജൻസി പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര കുടിവെള്ള പദ്ധതി[illegible] നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എവിടെയെല്ലാമെന്നും ഓരോ പദ്ധതിക[illegible] എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ പദ്ധതിയുടെയും നിലവിലുള്ള അവസ[illegible] താണെന്ന് പറയാമോ ?

ഉത്തരം

(എ) 28 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടു

(ബി) മലപ്പുറം-12, ഇടുക്കി-6, തിരുവനന്തപുരം-4, [illegible]നംതിട്ട-1, പാലക്കാട്-4, കണ്ണൂർ-1 എന്നീ ജില്ലകളിലാണ് പദ്ധതികൾ നടപ്പി[illegible]ക്കിയിരിക്കുന്നത്. ഓരോ പദ്ധതിക്കും ചെലവഴിച്ച തുക അനുബന്ധം ആയി [illegible]ക്കുന്നു.*

(സി) 15 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള 13 പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ അനുബന്ധമായി ചേർക്കുന്നു.*

ഹിൽ-ഏരിയ ഡവലപ്മെന്റ് പദ്ധതി

42 (3008) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ പഞ്ചായത്തുകളിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികളുടെ പണി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൻകീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ പഞ്ചായത്തുകളിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടില്ല. മലയോര വികസന ഏജൻസി പദ്ധതികൾ അനുവദിച്ചു തുടങ്ങിയത് 2012-13 സാമ്പത്തിക വർഷത്തിലാണ്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

ഹിൽ-ഏരിയ ഡവലപ്മെന്റ് ഏജൻസി

43 (3009) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തരം ഇടുക്കി ജില്ലയിലെ ഓരോ ബ്ലോക്കിനും 2011 മേയ് മുതൽ 2015 ഫെബ്രുവരി വരെ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ബ്ലോക്ക് തിരിച്ചുള്ള വിശദാംശം നൽകാമോ ?

ഉത്തരം

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തരം പദ്ധതികൾ അനുവദിച്ചത് 2012-13 സാമ്പത്തിക വർഷം മുതലാണ്. ഇടുക്കി ജില്ലയിൽ 2012 ഏപ്രിൽ മുതൽ 2015 ഫെബ്രുവരി വരെ ഓരോ ബ്ലോക്കിനും വിവിധ മരാമത്ത് പ്രവൃത്തികൾക്കായി

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly